പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1659

31.01.2018-ൽ മറുപടിക്ക്

## ത്രിതല പഞ്ചായത്ത് പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

എ) ത്രിതല പഞ്ചായത്ത് വിഹിതമായി 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്;

എ) & ബി)

| LB Type | Budget (Amount in Crores) | Expense (Amount in Crores) |
|---|---|---|
| District Panchayat | 792.50 | 188.14 |
| Block Panchayat | 792.50 | 336.99 |
| Grama Panchayat | 3044.94 | 1431.93 |
| Total | 4629.94 | 1957.06 |

സി) ത്രിതല പഞ്ചായത്തുകൾ പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

സി) തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നേരിട്ട് എല്ലാ ജില്ലകളിലും റിവ്യൂമീറ്റിംഗുകൾ നടത്തി. പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, ഗ്രാമവികസന കമ്മീഷണർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ എന്നിവരും അവലോകന യോഗങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങളും, പോരായ്മകൾ പരിഹരിക്കുന്നതിനു വേണ്ടുന്ന ഇടപെടലുകളും നടത്തി വരുന്നു. കൂടാതെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി മുൻകൂട്ടി നിശ്ചയിക്കുന്ന തീയതികളിൽ യോഗം ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും നൽകി വരുന്നു.

പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സംസ്ഥാന തലത്തിൽ പദ്ധതി നിർവ്വഹണ കലണ്ടർ രൂപീകരിക്കുകയും സംസ്ഥാന, ജില്ലാതല, ബ്ലോക്ക്തല അവലോകന യോഗങ്ങൾ നടത്തി വരുകയും ചെയ്യുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓരോ ത്രൈമാസത്തിലും അവലോകന യോഗങ്ങൾ (വീഡിയോ കോൺഫറൻസ് ഉൾപ്പെടെ) നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ